**EID-UL-ADHA SERMON വലിയ പെരുന്നാൾ ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**22 August 2018**

**(10 Dhul-Hijjah 1439 AH)**

# “THE ‘QURBANI’ SACRIFICE & HAJJ” : ഖുർബാനീ, ത്യാഗം, ഹജ്ജ്

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വ്ദ്, സൂറ:അൽഫാതിഹ ഓതിയശേഷം ***ഖുർബാനീ, ത്യാഗം, ഹജ്ജ്*** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഓരോ മതത്തിനും ചില ആചാരാനുഷ്ഠാനങ്ങളുണ്ട്. അവ അതിന്റെ ആഭരണങ്ങളായി അണിയിക്കപ്പെടുകയും,സർവ്വോപരി അതു മതത്തിന്റെ മുഖാഭരണമായി തീരുകയും ചെയ്യുന്നു. ഈ ആചാരനുഷ്ഠാനങ്ങളെ മൂല്യമുള്ളതാക്കി തീർക്കുക എന്നത് വളരെ പ്രധാനപ്പെട്ടകാര്യമാകുന്നു. ഒരാളെ മതത്തിൽ നിലനിർത്തുന്നതിന്! ഇസ്‌ലാം മതത്തിന് വർഷത്തിൽ രണ്ടുദിവസങ്ങളുണ്ട്, ആചാരനുഷ്ഠാനങ്ങളോടെ അവ ആചരിക്കപ്പെടുന്നു, അതുകൊണ്ട് തന്നെ അവ മറ്റു മതങ്ങളിൽ നിന്നും വേറിട്ടു നില്ക്കുന്നു. അവ ഈദുൽഫിത്‌റും ഈദുൽ അദ്ഹായുമാണ്.

ഈ രണ്ട് ആഘോഷങ്ങളിൽ ഓരോന്നിനും പ്രത്യേകമായ പ്രാർത്ഥനയുണ്ട്. പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) യുടെ ആഗമനത്തിന് മുൻപ്, മദീനയിൽ, അവിടത്തെ അന്തേവാസികൾ വർഷത്തിൽ മറ്റു രണ്ടു ദിവസങ്ങൾ ആഘോഷമായി കൊണ്ടാടിയിരുന്നു. ദൈവദൂതൻ(സ) അവിടെ എത്തിച്ചേർന്നപ്പോൾ, അദ്ദേഹം പറഞ്ഞു, നിങ്ങൾക്ക് രണ്ട് ദിവസങ്ങളുണ്ടായിരുന്നു, അതിൽ നിങ്ങൾക്ക് കളികളായിരുന്നു, എന്നാൽ അല്ലാഹു(ത) മുസ്ലിംകൾക്ക് അതിനുപകരം അവയേക്കാൾ ഉത്തമമായ രണ്ട് ദിനങ്ങൾ നല്കുകയുണ്ടായി. അവ അൽഫിതറും അൽഅദ്ഹായുമാകുന്നു (നസാഈ)

ഇസ്ലാമിക് കലണ്ടറിലെ ആഘോഷദിനങ്ങളാകുന്നു ഈദ് ദിവസങ്ങൾ. ഈ രണ്ട് ആഘോഷദിവസങ്ങളിലും പ്രത്യേക പ്രാർത്ഥന ഓരോന്നിനും ഉണ്ട്. ആയതിനാൽ മുസ്ലിംകൾ കൊണ്ടാടുന്ന അവരുടെ ആഘോഷ ദിവസങ്ങളിൽ കൂടുതൽ പ്രാർത്ഥനകൾ നടത്തുന്നു. അവരുടെ മേൽ അവരുടെ രക്ഷകൻ അവർക്ക് നല്കിയ എണ്ണമറ്റ അനുഗ്രഹങ്ങൾക്ക് അവർ അവനോട് നന്ദിരേഖപ്പെടുത്തുന്നു. തങ്ങളുടെ സൃഷ്ടാവിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട്. അധിക സന്തോഷം രേഖപ്പെടുത്താനായി അധികമായ നിലയിൽ അവർ പ്രാർത്ഥനയിൽ മുഴുകുന്നു.

ഈദുൽ അദ്ഹാദിനത്തിൽ, ദൈവനാമം ഉരുവിട്ടുകൊണ്ട് ഒരു മൃഗത്തെ ബലി അർപ്പിച്ചുകൊണ്ട്, അവർ അവരുടെ രക്ഷിതാവിന് നന്ദിരേഖപ്പെടുത്തുന്നു. അതോടൊപ്പം സാധുക്കളോട് വളരെ ഔദാര്യപൂർവ്വം പെരുമാറുകയും ചെയ്യുന്നു.

അൽഖുർബാൻ എന്ന വാക്കിൽ നിന്നാണ് ഖുർബാനീ എന്ന വാക്ക് ഉത്പന്നമാകുന്നത്. ദൈവീക തേജസ്സിലേക്ക് നയിക്കുന്ന ഏതു പ്രവർത്തിക്കും ഖുർബാനി എന്ന് പറയാം. ഓരോ മതപരമായ സേവനത്തിനും, ഖുർബാ അല്ലെങ്കിൽ പരിശുദ്ധ പ്രവർത്തി വിശിഷ്യാ ത്യാഗങ്ങൾ എന്ന് പറയാവുന്നതാണ്,

പരിശുദ്ധപ്രവാചകൻ(സ) റിപ്പോർട്ട് ചെയ്യുന്നു. അതായത് നമ്മുടെ രക്ഷകൻ അല്ലാഹു പറഞ്ഞിരിക്കുന്നു. എന്റെ ദാസൻ നിരന്തരം എന്നെ സമീപിച്ചുകൊണ്ടിരിക്കുന്നു. നിർബന്ധമായ കാര്യങ്ങൾക്കൊപ്പം അതിനോട് കൂട്ടിചേർക്കാവുന്ന ഭക്തി മാർഗത്തിലെ തുടർപ്രവർത്തനങ്ങളും തുടർന്നുകൊണ്ടിരിക്കുമ്പോൾ, ഒടുവിൽ ഞാൻ എന്റെ സൗഹൃദം അവന് നല്കുന്നതാണ്. അങ്ങനെ ഞാൻ അവൻ കേൾക്കന്ന അവന്റെ ചെവിയായി തീരുന്നു; ഞാൻ അവൻ കാണുന്ന കണ്ണായി തീരുന്നു. അങ്ങനെ അവൻ എന്നോട് എന്തെങ്കിലും ചോദിച്ചാൽ, ഞാനത് അവന് നല്കുന്നതാണ്. അവൻ എന്റെ സംരക്ഷണം അന്വേഷിച്ചാൽ, ഞാൻ അവന് സംരക്ഷണം നല്കുന്നതാണ്.(ബുഖാരി)

ഇബ്റാഹിം(അ) തന്റെ രക്ഷിതാവിനോട് കാണിച്ച ത്യാഗസ്മരണകളെ അനുസ്മരിക്കുന്ന ദിനമാണ് ഈദുൽഅദ്ഹാദിനം. പലായനത്തിൽ അനുഭവിച്ച ബുദ്ധിമുട്ടുകൾ, അഗ്നികുണ്ഠത്തിലേക്ക് എറിയപ്പെട്ടത്, തന്റെ കുടുംബത്തിൽ നിന്നും മറ്റുള്ളവരിൽ നിന്നും വേർപിരിയേണ്ടി വന്നത്, അതിനേക്കാൾ ഭീകരം പരമോന്നതനായ അല്ലാഹു തന്റെ മകൻ ഇസ്മായീൽ (അ)

നെ ബലി അർപ്പിക്കുവാൻ കല്പിച്ചത്. ദൈവീക ഇച്ഛയ്ക്കായി അദ്ദേഹം കീഴടങ്ങി, തന്റെ മകന്റെ കഴുത്തിൽ കത്തിവെച്ചു, തൊണ്ട മുറിക്കുന്നതിനായി! എന്നാൽ പരമോന്നതനായ അല്ലാഹു വിധിച്ചു. അതായത് ഇസ്മായീൽ(അ)നെ ബലി അർപ്പിക്കപ്പെടേണ്ടതില്ല. അങ്ങനെ അദ്ദേഹത്തെ അല്ലാഹു അതിൽ നിന്നും ഒഴിവാക്കി. പ്രസ്തുത മനുഷ്യബലിക്ക് പകരം ഒരാടിനെ ബലി അർപ്പിക്കുവാൻ കല്പിക്കുകയുണ്ടായി. ഇതിലൂടെ, പരമോന്നതനായ അല്ലാഹു, മുസ്ലിംകൾക്ക് പ്രയോജനം ഉണ്ടാക്കുവാൻ തീരുമാനിക്കുകയായിരുന്നു. ക്രീസ്ത്രീയ ജൂത സഹോദരങ്ങൾക്ക് പ്രയോജനം ഉണ്ടാക്കിയതുപോലെ! അതിനായി ഇസ്മായീൽ നെ ബലിഅർപ്പിക്കേണ്ടത് അനിവാര്യമാക്കുകയാണ് ചെയ്തത്. അദ്ദേഹം ഇസ്മായീൽ (അ) ലൂടെയുള്ള സന്താനപരമ്പരയിലൂടെയാണ് പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) യുടെ ജനനം ഉണ്ടായത്. പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു ത്യാഗം വരിച്ച രണ്ടു ആളുകളിലൂടെ വന്ന മകനാണ് ഞാൻ. (മുസ്തദ്റക്ക് ഹാക്കിം) ഇസ്മായീൽ(അ) അറബികളുടെ പിതാവും ഇബ്റാഹീം(അ) ന്റെ മൂത്തമകനുമാണ്. അബ്ദുല്ലാ മുഹമ്മദ്(സ) യുടെ നേർപിതാവുമാണ് ഇരുവരും ബലിഅർപ്പിക്കപ്പെട്ടവരെപോലെ തന്നെ.

ഇബ്രാഹിം(അ) ന്റെ ത്യാഗത്തിന്റെ സത്തയുടെ, സ്മരണ പുതുക്കുന്നതിനു വേണ്ടിയാണ് എല്ലാ വർഷവും ഈദുൽഅദ്ഹാ ദിനത്തിൽ ഒരു മൃഗത്തെ ബലി അർപ്പിക്കുവാൻ കല്പിക്കപ്പെട്ടിരിക്കുന്നത്. ദുൽഹജ്ജ് 10,ന് മൃഗബലി നടത്തുക എന്നത് ഇസ്ലാമിന്റെ അവിഭാജ്യമായ ഒരു ഘടകമാണ്. അല്ലാഹു(ത) പറഞ്ഞു ബലി അർപ്പിക്കുവാനുള്ള ഒട്ടകങ്ങളെയും നാല്ക്കാലികളെയും നാം നിങ്ങൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു (22:37)

ഹസ്രത് ആയിശാ(റ) വിവരിക്കുന്നു. ഹസ്രത് മുഹമ്മദ്(സ) പറഞ്ഞു. ബലിഅർപ്പന ദിനത്തിൽ, ബലി അർപ്പിക്കുന്നതിനേക്കാൾ അല്ലാഹുവിന് ഇഷ്ടമുള്ള മറ്റൊരു പ്രവർത്തിയുമില്ല. (തിർമിദി)

കഴിവുള്ള എല്ലാ മുസ്ലിമിനും നിർബന്ധമായ കാര്യമാണ് ഖുർബാനി അഥവാ ഉദ്ഹിയ്യ (ബലി അർപ്പണം) സൂറ: അൽ കൗസർ-ൽ നിന്നും വ്യക്തമാകുന്നത് അതാണ്. അതിനാൽ നീ നിന്റെ നാഥനു വേണ്ടി നമസ്കരിക്കുകയും ബലി അർപ്പിക്കുകയും ചെയ്യുക (108:3) മുകളിൽ പറഞ്ഞ പ്രസ്തുത വചനം വിവിധ വർണ്ണനകളും വ്യഖ്യാനങ്ങളും നല്കുന്നതാണ്. ഇതിൽ നിന്നും ദ്യോതിപ്പിക്കുന്ന ഒരർത്ഥം,അതായത് ബലി അർപ്പിക്കുവാൻ പറയുന്ന കല്പന,ഖുർബാനി സമർപ്പണം, അഥവാ ഉദ്ഹിയ്യാ (മൃഗബലി)

നിർബന്ധമായ കാര്യമാണ്, നമസ്കാരം പോലെ! പ്രസ്തുത ദിനത്തിൽ ഈദുൽ അദ്ഹാ നമസ്കാരാനന്തരം ഉദ്ഹിയ്യാ നിർവ്വഹിക്കുവാനായി പോവുക, പ്രവാചകൻ(സ) വിശദീകരിച്ചതങ്ങനെയാണ്. ഇന്നത്തെ ആദ്യത്തെ ആചാരനടപടി നമസ്കാരമാണ്, എന്നിട്ട് ഖുർബാനി പൂർത്തീകരണത്തിനായി തിരിയുക. ആരാണോ ഇതു പ്രകാരം ചെയ്യുന്നത് അവർ തന്റെ സുന്നത്തിനെ പിൻതുടർന്നു. നമസ്കാരത്തിനുമുൻപ് ആരാണൊ തന്റെ മൃഗത്തെ ബലിഅർപ്പിച്ചത് അത് ഖുർബാനി അല്ല; അത് തന്റെ കുടുബത്തിനു വേണ്ടിയുള്ള മാംസം മാത്രമാണ്. (ബുഖാരി)

ഇബ്നുമാജ റിപ്പോർട്ട് ചെയ്ത ഒരു പ്രവാചകവചനത്തിൽ,അബുഹുറൈറ(റ) വിവരിക്കുന്നു. പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞു. കഴിവുള്ളവൻ, ഖുർബാനി, പൂർത്തിയാക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നില്ലെങ്കിൽ,അവൻ നമ്മുടെ നമസ്കാര സ്ഥലത്ത് വരേണ്ടതില്ല.(നമ്മോടൊപ്പം ഈദുൽ അദ്ഹ നമസ്കാരത്തിൽ പങ്കെടുക്കുവാൻ വരേണ്ടതില്ല) നമസ്കാരം പോലെതന്നെ നിർബന്ധമായകാര്യമാണ് വുദുഹിയ്യാ നിർവ്വഹണവും. കഴിവുള്ള ഓരോവ്യക്തിയും വുദ്സിയ്യാ നിർവ്വഹണത്തിനായി തങ്ങളുടെതായ ഓഹരി നല്കേണ്ടതാണ്. അബു ബുർദാ:(റ) പ്രവാചകൻ(സ) പറഞ്ഞതായി ബുഖാരി റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതായത് അദ്ദേഹം ഈദ് നമസ്കാരത്തിന് മുൻപ് മൃഗബലി പൂർത്തിയാക്കുകയുണ്ടായി എന്ന്, അപ്പോൾ പരിശുദ്ധ പ്രവാചകൻ(സ) അദ്ദേഹത്തോട് കല്പ്പിക്കുകയുണ്ടായി വീണ്ടും ഖുർബാനി അർപ്പിക്കാനായി. അതുകൊണ്ട് ഖുർബാനി കുടുംബത്തിലെ ഓരോ വ്യക്തിക്കും കഴിവുണ്ടെങ്കിൽ നിർബന്ധമാണ്, അവൻ യാത്രക്കാരനല്ലെങ്കിൽ, അവൻ പ്രായപൂർത്തി എത്തി എങ്കിൽ! മുസ്തദ് റക്ക് ഹാക്കിം റിപ്പോർട്ട് ചെയിതിരിക്കുന്നു. അതായത് പരിശുദ്ധ പ്രവാചകൻ(സ) തന്റെ മകൾ ഫാതിമയെ പ്രേരിപ്പിച്ച് നിർത്തി ഖുർബാനിയ്ക്ക് സാക്ഷ്യം വഹിപ്പിക്കുകയുണ്ടായി. പരിശുദ്ധ പ്രവാചകൻ(സ) ആയിശ(റ) യ്ക്ക് വേണ്ടി ഒരു പശുവിനെ (ഈദുൽ അദ്ഹാ ദിനത്തിൽ) ഖുർബാനി അർപ്പിക്കുകയുണ്ടായി. (മുസ്ലിം)

ഈ ഈദുൽ അദ്ഹാ ദിനത്തിൽ, നബി(സ)യുടെ അനേകം സ്നേഹിതർക്ക്, മക്കയിലേക്ക് തീർത്ഥാടനത്തിന് പോകാൻ കഴിയുന്നില്ല എന്നത് എന്നെ വേദനിപ്പിക്കുന്നു. ദൈവീക ഭവനം ആരുടേയും വസ്തുവകയിൽ പെടുന്നതല്ല. മനുഷ്യ നിയമമനുസരിച്ച്, വാഗ്ദത്തമസീഹ് ഹസ്രത് മിർസാ ഗുലാം അഹമ്മദ് (അ) ൽ വിശ്വസിച്ചവർ മുസ്ലീംകളല്ലാത്തവരാണ്. അക്കാരണത്താൽ തന്നെ അവരെ മക്കയിൽ ഹജ്ജ്കർമ്മം ചെയ്യുവാൻ അനുവദി

ക്കുന്നുമില്ല. അവരുടെ അഭിപ്രായ പ്രകാരം, മക്കയിലേയും, മദീനയിലെയും നമ്മുടെ സാന്നിധ്യം,ഹജ്ജിനും ഉംറയ്ക്കുമായി പോകുന്നത്, ഈ മതപരമായ സ്ഥലങ്ങളിൽ കുഴപ്പം ഉണ്ടാക്കുന്നതാണ്.

മൗറിഷ്യസിൽ, ഇൻഡ്യൻ മഹാസമുദ്രത്തിലെ ഈ ചെറിയദ്വീപിൽ, മക്കയിൽ തീർത്ഥാടനത്തിന് പോകണമെങ്കിൽ, നിങ്ങൾ ഒരു അപേക്ഷ പൂരിപ്പിച്ചു കൊടുക്കുകയും, നിങ്ങൾ ഏതു ജമാഅത്തിലാണെന്ന് അവിടുത്തെ ഇമാം സാക്ഷ്യപ്പെടുത്തുകയും വേണം. ഞാൻ ഇതു സംബന്ധമായി എല്ലാ സഹോദരി സഹോദരൻമാർക്കും ഒരുപദേശം നല്കുകയാണ്. നിങ്ങൾ ഒരിക്കലും കള്ളം പറയരുത്, നിങ്ങളുടെ വിശ്വാസത്തെ, നിങ്ങൾ ഒരിക്കലും പരിത്യജിക്കുകയുമരുത്. അതായത് വാഗ്ദത്തമസീഹ് ഹസ്രസ്മിർസാഗുലാം അഹമ്മദ് (അ) ന്റെ സത്യതയെ ഇസ്ലാമിലെ അഞ്ചാമത്തെ സ്തംഭമായ കർമ്മനിർവ്വഹണത്തിനായി പരിത്യജിക്കരുത്. ഇസ്ലാമിലെ 5-ാം മത്തെ സ്തംഭമായ ഹജ്ജ്കർമ്മത്തിൽ നിന്നും തടയുന്ന ഇസ്ലാമിന്റെ സംരക്ഷകരെന്നഭിമാനിക്കുന്ന അവർ ഈ പാപഭാരം പേറട്ടെ! ഇസ്ലാമിന്റെ വഴിവിട്ട്, അനിസ്ലാമികമായ ഈ വഴി പിൻതുടരുന്ന, ഇവരുടെ കാര്യം വളരെ ദൗർഭാഗ്യകരം തന്നെ! ഇവിടെ നിങ്ങളുടെ അപേക്ഷ ഒരു കമ്മറ്റി മുൻപാകെ പരിശോധിക്കപ്പെടുന്നു: പ്രസ്തുത സംഘം വാഗ്ദത്ത മസിഹ്(അ) ൽ വിശ്വസിച്ചവരുടെ അപേക്ഷകൾ തള്ളുന്നു. മക്കയിലേക്കുള്ള വിസാ അപേക്ഷ നിരസിക്കുന്നു. ഇതേ നിലപാടുതന്നെയാണ് ലോകത്തിലെ മറ്റു രാജ്യങ്ങളിലും നടത്തപ്പെടുന്നത്.

അതുകൊണ്ട്, അല്ലയോ ദൈവസ്നേഹിതരെ, ഹസ്രത് മുഹമ്മദ്(സ) ന്റെ സ്നേഹിതരെ! പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ൽ നിന്ന് നിങ്ങൾ അല്ലാഹുവിന്റെ ഏകതാ മാഹാത്മ്യം മനസ്സിലാക്കിയിട്ടുള്ളതാണ്: പ്രസ്തുത പ്രവാചകൻ(സ)ൽ നിന്ന് അല്ലാഹുവിന്റെ ഗുണഗണങ്ങളും മനസ്സിലാക്കിയിട്ടുള്ളതാണ്, അദ്ദേഹത്തിലൂടെ നിങ്ങൾ ആത്മീയ പാഠം പഠിച്ചിട്ടുള്ളവരുമാകുന്നു. എനിക്ക് നിങ്ങൾക്ക് ഉറപ്പുതരുവാൻ കഴിയും, ഞാൻ നിങ്ങളോട് സത്യം ചെയ്തു പറയുന്നു. പ്രതികാര നടപടികൾ ഭയന്നു കൊണ്ട്, അല്ലാഹുവിന്റെ നാമത്തിൽ മക്കയിൽ ഹജ്ജ് ചെയ്യുന്നതിന്, നിങ്ങൾ തടയപ്പെടുന്നിടത്തോളം കാലം, നിങ്ങളുടെ ഹജ്ജ് കർമ്മം സ്വീകരിക്കപ്പെടുന്നതാണ്, സ്വീകരിക്കപ്പെടുന്നതാണ്.

അല്ലയോ ഹാജിമാരെ! തീർത്ഥാടനത്തിനായി മക്കയിൽ പോകാൻ കഴിയാത്തവരെ! ഞാൻ ഔപചാരികമായ സ്തുതിവാക്ക് നിങ്ങൾക്ക് നല്കുകയാണ്: നിങ്ങളെ അഭിനന്ദിക്കുകയാണ്. ഈദുൽ അദ്ഹാ ആഘോഷങ്ങൾക്കും ഞാൻ ആശംസകൾ നേരുന്നു. ലോകമെങ്ങുമുള്ള എന്റെ അനുചരൻമാർക്കും ഞാൻ അഭിനന്ദന വാക്കുകൾ ചൊരിയട്ടെ, വിശിഷ്യ കേരളം, തമിഴ്നാട്, ഡൽഹി, ചെന്നൈ, അബുദാബി, ദുബൈ, കോമറോസ് മയോട്ടി, മലേഷ്യ, ഇൻഡോനേഷ്യ, റീയൂണിയൻ, മഡഗാസ്കർ തുടങ്ങിയ രാജ്യങ്ങളിലെ!

ഞാനൊരു സന്തോഷവാർത്ത പ്രഖ്യാപിക്കുകയാണ് ഈ ലോകത്തിലെ എല്ലാ പദ്ധതികൾക്കും ഉപരിയായി ദൈവീകമായ തീരുമാനം വളരെ പെട്ടന്നു തന്നെ ആകാശത്തുനിന്ന് ഉണ്ടാകുന്നതുമാണ്. ദൈവീകാനുഗ്രഹത്താൽ അനുവാദം നല്കപ്പെടുന്നതാണ്. മക്കയിൽ പോയി ഹജ്ജ് ചെയ്യുക എന്നുള്ള നിങ്ങളുടെ അകമഴിഞ്ഞ ആഗ്രഹം നിറവേറപ്പെടുന്നതാണ്. ദൈവസ്നേഹത്താലും പ്രവാചക സ്നേഹത്താലും നിയപ്പെട്ട ഹൃദയങ്ങൾക്ക് ആശ്വാസമേകിക്കൊണ്ട്.

ചോദിക്കപ്പെടേണ്ട ഒരു ചോദ്യം ഇതാണ്. ഒരു യഥാർത്ഥ മുസ്ലിമിനെയും യഥാർത്ഥമല്ലാത്ത മുസ്ലിമിനെയും എങ്ങനെ വിവേചിച്ചറിയാം? ഇസ്ലാമിക വിശ്വാസത്തിലും, അനുഷ്ഠാനത്തിലും പേരുകൊണ്ടറിയുകയും, ശരിയായ ഇസ്ലാമിനെ അറിയാതെ പോകുകയും ചെയ്യുന്നതിനെ (എങ്ങനെ വിവേചിച്ചറിയാം?)

ഇതാരു തീരുമാനിക്കും? അല്ലാഹുവല്ലാതെ മറ്റാരും ഇതു തീരുമാനിക്കാനില്ല. അവൻ നമ്മുടെ യജമാനനാണ്. നമ്മുടെ വിധികർത്താവാണ്. മതപരമായ കാര്യം തീരുമാനിക്കുന്നത് മനുഷ്യനും പരമോന്നതനായ ദൈവവും തമ്മിലാണ്, അവന്റെ സൃഷ്ടാവാണവൻ. ഒരു മനുഷ്യനും അവകാശമില്ല. നാം അമുസ്ലിംകളാണ് എന്ന് മുദ്ര അടിക്കപ്പെട്ടതിൽ, നാം വിഷമിക്കേണ്ട യാതൊരു കാര്യവുമില്ല. അല്ലാഹുവിന്റെ ദൃഷ്ടിയിൽ നാം മുസ്ലിംകളാണെങ്കിൽ, നമുക്ക് അത് ധാരാളം മതിയാകുന്നതാണ്. ഒരു ഭരണകൂടത്തിന്റെയും സഭയുടെയും സാക്ഷിപത്രവും നമുക്കാവശ്യമില്ല.

ദൈവത്തെ ആരാധിക്കുവാനായി ആദ്യമായി നിർമ്മിക്കപ്പെട്ട ഭവനമാണ് കഅ്ബ. മാനവകുലത്തിനായി ഉണ്ടാക്കപ്പെട്ട ഭവനമാണത്. മതവിവേചനമില്ലാതെ, വർണ്ണ വിവേചനമില്ലാതെ, വർഗ്ഗ വിവേചനമില്ലാതെ ! ഒരനുഗൃഹീതമായ ഭവനം, എണ്ണമറ്റ പ്രയോജനങ്ങൾ ലഭിക്കുന്ന മാനവ

സമുദായത്തിനു വേണ്ട സമർപ്പിക്കപ്പെട്ടിരിക്കുന്ന ഭവനം. മാനവസമൂഹത്തിന്റെ ഏകോപനത്തിനായി, ആത്മസാക്ഷാത്ക്കാരത്തിനായി അത് അർപ്പണം ചെയ്തിരിക്കുന്നു. കഴിയുന്നവർ അവിടെ ചെന്ന് തങ്ങളുടെ രക്ഷിതാവിന്റെ നാമത്തിൽ തീർത്ഥാന കർമ്മം നിറവേറ്റുക. വിശുദ്ധഖുർആൻ നല്കിയിരിക്കുന്ന കല്പനയാണത്, ഇസ്ലാം മതവിശ്വാസികളോട് സമാധാനകാംഷികളോട്! ഇന്ന് നാം ഈ നടപടിയിൽ നിന്നും പുറത്താക്കിയിരിക്കുന്നു.

നമ്മുടെ മുൻപിൽ ഉയരുന്ന ചോദ്യമിതാണ് അല്ലാഹു(ത) എന്നു മുതലാണ് തന്റെ തന്നെ കല്പനകൾ നിരസിച്ചത്? ഒരു വകഭേദവുമില്ലാതെ എല്ലാവർക്കുമായി തുറക്കപ്പെട്ട ഭവനം, അല്ലാഹുവിന് മാത്രം അവകാശപ്പെട്ട ഈ സവിശേഷമായ അധികാരം മറ്റാർക്കാണ് നല്കിയത്? ഇന്ന ആൾക്ക് ഹജ്ജ് ചെയ്യാം ഇന്ന ആൾക്ക് ഹജ്ജ് ചെയ്തുകൂടാ എന്ന തീരുമാനിക്കുവാൻ നിങ്ങളാരാണ്? കഅ്ബ അല്ലാഹുവിന്റെ മാത്രം ഭവനമാണ് അത് ഒരു മനുഷ്യന്റെയും വസ്തുവകകളിൽ പെടുന്നതുമല്ല.

ഇതു സംബന്ധമായി സൂറ: അൽബക്കറയിൽ 115ലും സൂറ:അത്തൗബയിൽ 19ലും അല്ലാഹു(ത) പറയുന്നു. അല്ലാഹുവിന്റെ പള്ളികളിൽ വെച്ച്, അവന്റെ നാമം സ്മരിക്കുന്നത് തടയുകയും (അതുവഴി) അവയുടെ നാശത്തിനായി ശ്രമിക്കുകയും ചെയ്യുന്നവനെക്കാൾ അക്രമി മറ്റാരാണ്? (അല്ലാഹുവിനെ) ഭയന്നു കൊണ്ടല്ലാതെ അവർക്ക് തന്നെയും അവയിൽ പ്രവേശിക്കുവാൻ അവകാശമില്ല. അവർക്ക് ഇഹത്തിൽ അപമാനമുണ്ട്. പരലോകത്തുവച്ച് അവർക്ക് കഠിനശിക്ഷയുമുണ്ടായിരിക്കും. 2.115 (ഹജ്ജ്) തീർത്ഥാടകർക്ക് കുടിവെള്ളം കൊടുക്കുകുയം മസ്ജിദുൽ ഹറാമിനെ പരിപാലിക്കുകയും ചെയ്യുന്നത്, അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ തീവ്രയത്നം ചെയ്യുകയും ചെയ്യുന്നവനെ പോലെ അവന്റെ സേവനം പോലെ നിങ്ങൾ ആക്കുകയോ അല്ലാഹുവിന്റെയടുക്കൽ അവർ തുല്യരാവുകയില്ല. അല്ലാഹു അധർമ്മികളായ ജനതയെ നേർവഴിയിലാക്കുകയില്ല (9:19)

വിശുദ്ധഖുർ ആന്റെയും തിരുഹദീസിന്റെയും വെളിച്ചത്തിൽ, നിങ്ങളുടെ ധാരണകൾ പുനഃപരിശോധിക്കുവാനുള്ള സമയമാണിത്, നിങ്ങളിൽ ഒന്നുമില്ലെങ്കിൽ തന്നെയും, നിങ്ങൾക്കു മനസ്സിലാകും, ആരാണ് യഥാർത്ഥ മുസ്ലിംമെന്നും ആരാണ് ബാഹ്യമായി മാത്രം മുസ്ലിമായതെന്നും?

ദൈവഭവനത്തിൽ പോയി ഹജ്ജ് ചെയ്യുന്നതിന് നിങ്ങൾ ഞങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നത് തുടർന്നുകൊണ്ടിരിക്കുകായണെങ്കിൽ, റസൂൽ (സ) യുടെ ശത്രുക്കൾ പിന്തുടരുന്ന പാതയിൽ നിങ്ങൾ ശഠിച്ചു നില്ക്കുക യാണെങ്കിൽ, നിങ്ങളുടെ പ്രവർത്തനങ്ങളിൽ നിങ്ങൾ അഭിമാനവും സന്തോ ഷവും അനുഭവിക്കുകയാണെങ്കിൽ, ഏറ്റവും നല്ലതിൽ നിന്നും ഏറ്റവും ചീത്ത ആയതിലേക്കുള്ള പ്രവർത്തിയിലാണ് നിങ്ങളെന്നറിയുക. ഞങ്ങളെ സംബന്ധിച്ചിടത്തോളം അല്ലാഹുവും അവന്റെ ദൂതനും ഞങ്ങൾക്ക് മതി യായതാണ്. നിങ്ങൾക്ക് കഴിയുന്ന നിലയിലൊക്കെ നിങ്ങൾ ഉപരോധി ക്കുക. എന്നാൽ അല്ലാഹുവിനോടുള്ള സ്നേഹം, മുഹമ്മദ് മുസ്തഫാ (സ) നോടുള്ള സ്നേഹം, മക്കയോടുള്ള സ്നേഹം, മദീനയോടുള്ള സ്നേഹം ഞങ്ങളുടെ ഹൃദയത്തിൽ നിറയ്ക്കപ്പെട്ടതാണ്. ഞങ്ങൾ ശുഭാപ്തി വിശ്വാസക്കാരാണ്. ഈ എല്ലാ നിരോധനങ്ങളും മാറുന്നതാ ണ്. ഞങ്ങൾ മക്കയിലേക്ക് സ്വാഗതം ചെയ്യപ്പെടുന്നതാണ്. ഇൻശാ അല്ലാഹ് ആമീൻ.

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**